പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7738 15.07.2014-ലെ മറുപടിക്ക്

## സബ്/സർക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനം

| ചോദ്യം<br>**ശ്രീ.എ.കെ.ശശീന്ദ്രൻ** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| **എ)** പോലീസ് സേനയിൽ സബ് ഇൻസ്പെക്ടർ (ജനറൽ എക്സി-ക്യൂട്ടീവ്), സർക്കിൾ ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) എന്നീ വിഭാഗങ്ങളിൽ എത്ര തസ്തികകൾ നിലവിലുണ്ട്; | **എ)** പോലീസ് സേനയിൽ സർക്കിൾ ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്), വിഭാഗത്തിൽ 434 തസ്തിക്കകൾ നിലവിലുണ്ട്. സബ്-ഇൻസ്പെക്ടർ (ജനറൽ എക്സി-ക്യൂട്ടീവ്) വിഭാഗത്തിൽ 1918 തസ്തികകൾ നിലവിലുണ്ട്. |
| **ബി)** സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനവും പ്രൊമോഷൻ വഴിയുള്ള നിയമനവും ഏത് അനുപാതത്തിലാണ് നൽകി വരുന്നത്; | **ബി)** 1:1 എന്ന അനുപാതത്തിൽ. |
| **സി)** നേരിട്ടുള്ള നിയമനം ലഭിച്ച എത്ര സബ് ഇൻസ്പെക്ടർമാർ ജനറൽ എക്സിക്യൂട്ടീവ് തസ്തികയിൽ ജോലി ചെയ്തു വരുന്നു; പ്രസ്തുത തസ്തി-കയിലുള്ള എത്ര പേർക്ക് ട്രെയിനിംഗ് നൽകി വരുന്നു; | **സി)** നേരിട്ടുള്ള നിയമനം ലഭിച്ച 361 സബ്-ഇൻസ്പെക്ടർമാർ ജനറൽ എക്സിക്യൂട്ടീവ് തസ്തികയിൽ ജോലി ചെയ്തു വരുന്നു; പ്രസ്തുത തസ്തികയിലുള്ള 263 പേർക്ക് ഇപ്പോൾ ട്രെയിനിംഗ് നൽകി വരുന്നു; |

| | |
|---|---|
| **ഡി)** നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി ശുപാർശ നടത്തിയതിൽ നിന്ന് എത്ര ഒഴിവുകൾ (എൻ.ജെ.ഡി) ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമനത്തിലെ അനുപാതം പാലിക്കപ്പെടണമെങ്കിൽ ഇനി എത്ര പേർക്ക് കൂടി നേരിട്ടുള്ള നിയമനം നൽകേണ്ടതായിട്ടുണ്ട്; | **ഡി)** അഞ്ച് എൻ.ജെ.ഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 331 ഒഴിവുകൾ (ഇപ്പോൾ പരിശീലനം നടന്നുവരുന്ന 263 പേർ ഉൾപ്പെടെ) പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവരെല്ലാം ജോലിയിൽ പ്രവേശിക്കുന്നതോടുകൂടി മേൽപ്പറഞ്ഞ അനുപാതം പാലിക്കപ്പെടും. |
| **ഇ)** നേരിട്ടുള്ള നിയമനം വഴി സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) തസ്തികയിൽ നിയമിക്കപ്പെട്ടവരിൽ എത്ര പേർക്ക് 2014-ൽ സർക്കിൾ ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്? | **ഇ)** 39 പേർക്ക് സർക്കിൾ ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ